**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2404 **09/03/2018**-ലെ മറുപടി

## തലശ്ശേരി മണ്ഡലത്തിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എൻ. ഷംസീർ | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| തലശ്ശേരി നിയോജകമണ്ഡലത്തിൽ കുടിവെള്ളക്ഷാമം പരിഹരിക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എന്തെല്ലാം കാര്യങ്ങൾ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ? | തലശ്ശേരി നിയോജകമണ്ഡലത്തിൽ സ്റ്റേറ്റ് പ്ലാൻ 2016-17 ൽ ഉൾപ്പെടുത്തി വയലളം പാർസിക്കുന്ന് ഗ്രാമീണ കുടിവെള്ള പദ്ധതി-പാർസിക്കുന്ന് ഉന്നതതല ടാങ്കിന്റെ റിപ്പയർ പ്രവൃത്തിക്ക് 5 ലക്ഷം രൂപയുടെ ഭരണാനുമതി നല്കി, പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2017-18 ബജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി കുടിവെള്ള പദ്ധതി (തലശ്ശേരി-കൂത്തുപറമ്പ് സമഗ്ര കുടിവെള്ള പദ്ധതി)യ്ക്കു വേണ്ടിയുള്ള DSR 2016 പ്രകാരം 80.14 കോടി രൂപയുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകുകയും, മേൽ പദ്ധതി അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയുമാണ്. |

Renuka Sankar

സെക്ഷൻ ഓഫീസർ